3. 'അധികാരം ജനങ്ങളിലേക്ക്' പോസ്റ്റർ അച്ചടിച്ചത്	-	2,51,398.00
4. 'ഗ്രാമസഭ' എന്ന പേരിൽ ഡോക്യുമെന്ററി നിർമ്മിച്ചത്	-	6,45,000.00
5. 'പഞ്ചായത്തുകൾക്ക് ഒരു മാർഗ്ഗരേഖ' പുസ്തകം അച്ചടിച്ചത്	-	3,14,345.00
6. മൂന്നുതരം വീഡിയോ കാസറ്റുകൾ നിർമ്മിച്ചത്	-	5,00,000.00
ആകെ	-	20,77,154.00

(സി) ഇനിയുള്ള ചെലവുകളെ സംബന്ധിച്ച് വ്യക്തമായ കണക്ക് തയ്യാറാക്കിയിട്ടില്ല.

5 (5) ജനകീയാസൂത്രണത്തിലെ കോട്ടങ്ങൾ പരിഹരിക്കുവാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ ഇതുവരെയുള്ള നേട്ടങ്ങളും കോട്ടങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള കോട്ടങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

1. പ്രധാനപ്പെട്ട നേട്ടങ്ങൾ

1. അധിക വിഭവസമാഹരണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.
2. ആസൂത്രണത്തിലും നിർവ്വഹണത്തിലും വർദ്ധിച്ച ജനപങ്കാളിത്തം
3. പദ്ധതി പ്രവർത്തനങ്ങളിൽ സുതാര്യത കൈവരിച്ചു.
4. ഭൗതിക നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്.
5. പ്രാദേശിക ആവശ്യങ്ങൾ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.

2) പ്രധാനപ്പെട്ട കോട്ടങ്ങൾ

1. പ്രാദേശിക തലത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിനും നിർവ്വഹണം നടത്തുന്നതിനും പരിചയക്കുറവ് കാരണം തദ്ദേശ സ്ഥാപനങ്ങളുടെ മുൻവർഷങ്ങളിലെ പദ്ധതി പ്രവർത്തനത്തിൽ പോരായ്മകൾ ഉണ്ടായിട്ടുണ്ട്.

2. പദ്ധതി നിർവ്വഹണത്തിന് ലഭിച്ച സമയം പരിമിതമായിരുന്നു.

(ബി) (i) 1999-2000 വാർഷിക പദ്ധതി സമയബന്ധിതമായി തയ്യാറാക്കുന്നതിനും അംഗീകാരം നേടുന്നതിനുമുള്ള മാർഗ്ഗരേഖ 1999 ഏപ്രിൽ മാസം 5-ാം തീയതി ഗവൺമെന്റ് ഉത്തരവായി പുറപ്പെടുവിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ii) ആസൂത്രണം, പദ്ധതി മേഖലാവിഭജനം, സബ്സിഡി നിരക്കുകൾ, വിതരണം ചെയ്യാൻ പാടില്ലാത്ത വ്യക്തിഗത ആസ്തികൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്വീകരിക്കാവുന്ന പ്രാദേശിക നിരക്കുകൾ എന്നിവയെക്കുറിച്ചെല്ലാം വിശദമായ മാർഗ്ഗരേഖ പ്രസ്തുത ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്.

(iii) പദ്ധതികളും പ്രോജക്ടുകളും പരിശോധിച്ച് സാങ്കേതിക അനുവാദം നൽകുന്നതിനുള്ള വിവിധതല വിദഗ്ദ്ധസമിതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിരേഖയും പ്രോജക്ടുകളും പരിശോധിച്ച് അംഗീകാരം നൽകുന്നതിന് നടപടിക്രമങ്ങൾ ഗവൺമെന്റ് ഉത്തരവായി 15/6/1999 ന് പുറപ്പെടുവിച്ചുകഴിഞ്ഞു.

6 (6) പ്ലാനിംഗ് ബോർഡിന്റെ പുനഃസംഘടന

<u>ശ്രീ. കെ.സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിദഗ്ദ്ധരായ പ്ലാനിംഗ് ബോർഡ് അംഗങ്ങളുടെ കുറവും ഉള്ളവർതന്നെ പാർട്ടൈം ആണെന്നതും പുനഃസംഘടന അനിവാര്യമാക്കിത്തീർക്കുന്നു എന്ന വസ്തുത പരിഗണിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പാർട്ടിയോട് കൂറുള്ള അംഗങ്ങളെമാത്രം പ്ലാനിംഗ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ് ജനകീയാസൂത്രണ പദ്ധതികളെക്കുറിച്ച് ഇത്രയേറെ ആരോപണങ്ങൾക്ക് കാരണമായതെന്ന് കരുതുന്നുണ്ടോ;

(ഡി) ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയായി പ്ലാനിംഗ് ബോർഡിനെ നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) പ്ലാനിംഗ് ബോർഡിലെ ഏതെങ്കിലും ഫുൾടൈം അംഗത്തെ മുൻകാല പ്രാബല്യത്തിൽ പാർട്ട്ടൈം ആക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സംസ്ഥാന ആസൂത്രണ ബോർഡിൽ ഇപ്പോഴുള്ള അംഗങ്ങൾ വിദഗ്ദ്ധരല്ല എന്നും ഉള്ളവർ പാർട്ട് ടൈം അംഗങ്ങളായതിനാൽ പുനഃസംഘടന അനിവാര്യമാണെന്നും ഗവൺമെന്റിന് അഭിപ്രായമില്ല.

(സി) ഇല്ല.

(ഡി) ഉണ്ട്. 30.7.1996-ലെ (എം.എസ്.) 10/96/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവുപ്രകാരം ജനകീയാസൂത്രണത്തിന്റെ നടത്തിപ്പു ചുമതല സംസ്ഥാന ആസൂത്രണ ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്.

(ഇ) ഇല്ല. ഫുൾടൈം അംഗമായിരുന്ന ഡോ. ടി.എം. തോമസ് ഐസക്കിനെ 31.10.1998 മുതലാണ് പാർട്ട്ടൈം അംഗമാക്കിയത്. അതുസംബന്ധിച്ച സർക്കാർ ഉത്തരവ് 30.10.1998 ൽ തന്നെ (ആർ.റ്റി.) 33/98/പ്ലാനിംഗ് നമ്പർ ആയി പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly